നടത്തുന്നതിനുള്ള DPR തയ്യാറാക്കി അംഗീകാരത്തിന് ധനകാര്യ പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ബേപ്പൂർ തുറമുഖത്തെ തിരക്ക് കുറയ്ക്കുന്നതിനായി ഒരു പുതിയ വാർഫ് സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.റ്റി.-യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂരിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പൊന്നാനി തുറമുഖ വികസന ത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവെങ്കിലും സ്വകാര്യ കമ്പനിയുടെ ഭാഗത്തുനിന്നും തുടർ നടപടികളുണ്ടായിട്ടില്ല. ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മേഖലയിലെ തുറമുഖങ്ങളിലേയ്ക്ക് കൊച്ചിയിൽനിന്നും തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണ്ടെയ്നർ സർവ്വീസ് 03-07-2021-ന് ആരംഭിച്ചു. ഇതുവരെ മൂന്ന് സർവ്വീസുകൾ നടന്നിട്ടുണ്ട്. ഈ സർവ്വീസിനെ കൊല്ലം തുറമുഖത്തേയ്ക്കും നീട്ടുവാൻ വേണ്ടിയുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

## റവന്യൂ സെക്രട്ടേറിയറ്റ്

9 (*64) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തന മികവും നിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് റവന്യൂ, സർവ്വേ, ദുരന്ത നിവാരണ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനം റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ഐ.എൽ.ഡി.എം., സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ ഉൾപ്പെടെ അംഗങ്ങളുമായാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ് റവന്യൂ സെക്രട്ടേറിയറ്റിന്റെ ലക്ഷ്യം. എല്ലാ ബുധനാഴ്ചയും സെക്രട്ടേറിയറ്റിൽ യോഗം ചേരും. യോഗങ്ങൾ പരമാവധി നേരിട്ടും അങ്ങനെ നടത്തുന്നതിന് തടസ്സങ്ങളുള്ളപ്പോൾ ഓൺലൈനായും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) എങ്കിൽ റവന്യൂ സെക്രട്ടേറിയറ്റിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനം റവന്യൂ, സർവ്വേ, ഭവന നിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഐ.എൽ.ഡി.എം. ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിയാണ് റവന്യൂ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുന്നതാണ്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അതുപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ചരിത്രത്തിൽ ഇത്തരം ഒരു പരിഷ്കരണം ഉണ്ടായിട്ടുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുൻകാല സർക്കാരുകൾ പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ 'റവന്യൂ സെക്രട്ടേറിയറ്റ്' എന്ന നാമധേയത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുകൾക്ക് കീഴിൽ മുൻപ് സ്ഥിരം സംവിധാനമുണ്ടായിരുന്നില്ല.

(ഇ) റവന്യൂ സെക്രട്ടേറിയറ്റ് എന്നത് ഒരു സ്ഥിരം സംവിധാനമായി ക്രമീകരിച്ച് മുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുന്നതിനുള്ള സംവിധാനമായാണ് എല്ലാ ആഴ്ചയും യോഗം ചേരുന്ന തരത്തിൽ റവന്യൂ സെക്രട്ടേറിയറ്റ് വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്.

## വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

10 (*65) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് താഴെ പറയുന്ന 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

1. ഡെവലപ്മെന്റ് പ്ലാൻ ഫോർ കോവളം - പൂവാർ ടൂറിസം കോറിഡോർ
2. ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം
3. ഗോൾഡൻവാലി (പൊൻമുടി)
4. നിലമ്പൂർ മാസ്റ്റർപ്ലാൻ
5. അഷ്ടമുടി മാസ്റ്റർപ്ലാൻ
6. ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി
7. ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ
8. കക്കയം-പെരുവണ്ണാമൂഴി മാസ്റ്റർപ്ലാൻ
9. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി മാസ്റ്റർപ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly